# പതിമൂന്നു ഭാര്യമാർ

## സ്റ്റീവെൻ മിൽഹൌസെർ

**(വിവർത്തനം: പ്രൊഫസ്സർ കുഞ്ഞാപ്പു, D.Sc., Ph.D.)**

## ഭാഗം 4/6

മുൻഭാഗങ്ങൾക്കുള്ള ലിങ്കുകൾ:

ഭാഗം 1: http://emalayalee.com/varthaFull.php?newsId=160052

ഭാഗം 2: http://emalayalee.com/varthaFull.php?newsId=160162

ഭാഗം 3: http://emalayalee.com/varthaFull.php?newsId=160283

## 8

എന്റെ എട്ടാമത്തെ ഭാര്യയെയും എന്നെയും കിടക്കയിൽ വേർതിരിക്കുന്നത് ഒരു വാളാണ്. അവളുടെ ശരീരത്തിൽ തൊടാതെ കാമിക്കാൻ മാത്രമേ എനിക്ക് അധികാരമുള്ളൂ. അവളെ തൊട്ടുപോയാൽ അവൾക്കു കൊടുത്ത വാക്ക് ലംഘിക്കലാകും. അതുകൊണ്ട് കാമമടക്കി അവളിൽനിന്നും ഞാൻ കയ്യകലം പാലിക്കും. അവളുടെ കിടക്ക പങ്കിടേണ്ടതില്ലെങ്കിൽ എനിക്ക് എത്ര ആശ്വാസം ഉണ്ടായേനെ. എന്നാൽ ഈ നിമിഷങ്ങൾക്കു വേണ്ടി മാത്രമാണ് ജീവിക്കുന്നതെന്നാണ് എന്റെ എട്ടാമത്തെ ഭാര്യ ആവർത്തിച്ചു പറയുന്നത്. അവളുടേതുകൂടിയായ എന്റെ സഹനം കണ്ടറിഞ്ഞ അവൾ, ചിലപ്പോൾ, താടിവരെ സിപ്പിട്ടു മൂടിയ കോട്ടിനകത്ത് ചുരുണ്ടുകൂടി കിടക്കവിരിപ്പിനുള്ളിൽ ശരീരം മറച്ചുവെക്കും. ചിലനേരം, എന്റെ സഹനത്തിനു പ്രതിസഹനമായോ, എന്റെ നിഷേധാഭ്യാസത്തിനു പ്രതിഫലം തരാൻ അഭിലഷിച്ചോ, അവൾ എനിക്ക് ഒരു സുഖം മാത്രം അനുവദിച്ചുതരും. വാളിന്റെ മറുവശത്ത്, വിവിധ ഫേഷനുകളിൽ മിന്നിമിന്നുന്ന അടിവസ്ത്രത്തിന്റെ അർദ്ധതാര്യത അവൾ പ്രദർശിപ്പിക്കും: പച്ചയും നീലയും കലർന്ന ചായം കൺപോളകളിൽ തേച്ച്; ഊതയും കറുപ്പും കലർന്ന ചായം കൺപീലികളിൽ തേച്ച്; കടുംചുമപ്പ് ലിപ്സ്റ്റിക്ക് ഇട്ട്; വിലകൂടിയ തൈലവും ക്രീമും ലോഷനും ലേപനം ചെയ്ത്; ചെവിക്കു

പിറകിലും കൈത്തണ്ടയിലും സുഗന്ധ ദ്രവ്യങ്ങൾ പുരട്ടി. അവളോടുള്ള വാഗ്ദാനം ഞാൻ ലംഘിച്ചാൽ എന്നോടുള്ള പ്രേമവും ബഹുമാനവും ഇല്ലാതാകുമെന്ന് എനിക്കറിയാമെന്ന് അവൾക്കറിയാം. ഒരു പക്ഷേ, അല്ല തീർച്ചയായും, അവൾക്കു ഞാൻ കൊടുത്ത വാക്കിന്റെ ഉല്ലംഘനം എന്റെ എട്ടാമത്തെ ഭാര്യ ആഗ്രഹിക്കുന്നുണ്ടാകും. എന്റെ കിടക്കയിലെ അവളുടെ സാന്നിദ്ധ്യവും, പ്രകോപിപ്പിക്കുന്ന അടിവസ്ത്രങ്ങളും, കൂടെക്കൂടെയുള്ള തലവേദനയും, ദീർഘ നിശ്വാസങ്ങളും ഞാൻ പിന്നെങ്ങിനെയാണ് വ്യാഖ്യാനിക്കുക. അവൾക്കു ഞാൻ കൊടുത്ത വാക്കിൽ സത്യസന്ധമായി ഉറച്ചുനിൽക്കുമോയെന്ന് ബോദ്ധ്യപ്പെടുത്തലല്ല ശരിയായ പരീക്ഷണമെന്ന് ഞാൻ വിശ്വസിച്ചു പോകുകയാണ്. ഏകപക്ഷീയമായി അവൾ ഏർപ്പെടുത്തിയ വിലക്ക് തകർക്കാൻ മാത്രം അഗാധമാണോ എന്റെ പ്രേമം എന്ന് പരിശോധിക്കലാണത്. ഇപ്രകാരം ഒരു സംഭവവികാസമാണ് അവൾ രഹസ്യമായി ആശിക്കുന്നതും വൻനിരാശയിൽ കാത്തിരിക്കുന്നതും. എന്നാൽ, ഇത്തരം ചിന്തയുണർത്തുന്ന പ്രലോഭനം ഒരു മുന്നറിയിപ്പാണ്: മൃഗീയമായ ആവേശത്തിന് അടിമപ്പെട്ട്, വൈകാരികതയെ അതിജീവിക്കാൻ പാടുപെടുന്ന ഞാൻ വാഗ്ദാനലംഘനത്തിൽ തന്നെത്തന്നെ വഞ്ചിക്കുന്ന ഒരു ആശയത്തെ വിശ്വസിക്കാൻ തയ്യാറാകുമോ? എന്റെ സഹനത്തിനും ഉപരിയായി, കൊടുത്ത വാക്ക് പാലിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നുവെന്നത് വാസ്തവം തന്നെയാണ്. പ്രലോഭനങ്ങൾക്കു കീഴ്പ്പെടുകയെന്നത് സ്വാഭിമാനം നഷ്ടപ്പെടുത്തുന്ന അനുഭവമായിരിക്കും. അവളോടുള്ള അഭിവാഞ്ഛ മറികടക്കാൻ കഴിയുന്നതുവരെ മാത്രമായിരിക്കുമോ, ഒരു പക്ഷേ, എനിക്ക് അവളോടുള്ള അഭിനിവേശം? അങ്ങിനെയെങ്കിൽ, ഇങ്ങിനെയൊരു ഉടമ്പടിക്ക് അവളെ പ്രേരിപ്പിച്ചത് ഞാൻ തന്നെയായിരിക്കുമോ? എന്റെ യാതനയുടെ ഉറവിടം ഞാൻ മാത്രമായിരിക്കുമോ? എന്റെ എട്ടാം ഭാര്യയുടെ പള്ളയിലേക്ക് ആ മൂർച്ചയുള്ള വാൾ ആഴ്ന്നിറക്കാൻ, ചിലപ്പോൾ എന്റെ ഉള്ളിൽ ഒരു വിചിത്രമായ ആശ ഉടലെടുക്കും. അവളെ ഉന്മൂലനം ചെയ്ത് എന്റെ സഹനത്തിന് അറുതി വരുത്താനുള്ള ഈ ആഗ്രഹത്തിന് ഒരു നിഗൂഢമായ ന്യൂനതയുണ്ട്. വേദനാജനകമായ എന്റെ സഹനത്തിന് എപ്പോഴും പരാജയസാദ്ധ്യതയെന്ന സവിശേഷതയുണ്ട്. എല്ലാറ്റിനും പുറമെ, എന്റെ വാക്ക് പാലിക്കാനാകാതെ ഒടുവിൽ ഞാൻ മറ്റുള്ളവരേപ്പോലെ ആയിത്തീരാനുള്ള സാദ്ധ്യത. അവളുടെ മരണം വഴി ആ സാദ്ധ്യത നീക്കം ചെയ്ത് എന്റെ കഠിന വേദന ശമിപ്പിക്കുക എന്ന ഒരേ ചിന്ത ഇല്ലാതാക്കൽ. ഇക്കാരണങ്ങളാൽ എന്റെ വ്യസനാവസ്ഥ ഒരിക്കലും വിട്ടുമാറില്ലെന്ന് അതിവ്യക്തമായി ഞാൻ മനസ്സിലാക്കുന്നു. ഈ ധാരണ മൂലം ഒരു അന്തിമ അപകടം ഞാൻ മണുത്തറിയുന്നു. ഒന്നിനും മാറ്റം സംഭവിക്കില്ലെന്ന്

വിശ്വസിക്കുന്നതു വഴി ഞാൻ എന്റെ ഇച്ഛയെ ലഘൂകരിക്കുകയല്ലേ? കൂടുതൽ പ്രലോഭനങ്ങൾക്കായി ഞാൻ എന്നെ തുറന്നുകൊടുക്കുകയല്ലേ? പിന്നെ, ഒടുക്കത്തെ ഒരു അതിസാഹസിക ശാക്തിക സ്ഫോടനത്തിലൂടെ ഞാൻ എന്നെത്തന്നെ പുതു ജാഗരൂകതയിലേക്ക് തുറന്നു വിടുകയല്ലേ?

# 9

എന്റെ ഒമ്പതാമത്തെ ഭാര്യയൊഴികെ മറ്റുള്ളവരുടെയെല്ലാം കൂട്ട് ദുസ്സഹമാകുന്ന സമയങ്ങളുണ്ട്. അതിന്റെ പിറകിലുള്ള ചെറുരഹസ്യം ഞങ്ങൾ ഒരിക്കലും സംഭാഷണത്തിൽ കൊണ്ടുവരാറില്ല. അവളുടെ തിളങ്ങുന്ന കറുത്ത കണ്ണുകളിലേക്ക് ഞാൻ കുനിഞ്ഞുനോക്കുമ്പോൾ അവളുടെ ദൃഷ്ടി അല്പം ഇടത്തോ വലത്തോ തെന്നിയിരിക്കും. ഞാനപ്പോൾ ഞങ്ങൾ കണ്ണിൽക്കണ്ണിൽ നോക്കിയിരിക്കുകയാണെന്ന മിഥ്യാധാരണ സൃഷ്ടിക്കാൻ കുറച്ചു ചെരിഞ്ഞിരിക്കും. ഇതിൽ എനിക്കു നഷ്ടപ്പെടാൻ എന്തിരിക്കുന്നു? ചിലപ്പോൾ, പ്രസാദത്തോടെ ചുവടുകൾ വെച്ച് അവൾ മുറി മുറിച്ചു കടക്കുമ്പോൾ, ഞാൻ ആ ദിശയിൽ നിന്നും ശീഘ്രം മാറി നിന്നില്ലെങ്കിൽ ഞങ്ങൾ കൂട്ടിയിടിക്കാൻ പോകും. ഈ സന്ദർഭങ്ങളിൽ അവൾ ഒന്നു നിൽക്കുകയോ കണ്ട ഭാവം നടിക്കുകയോ ചെയ്യാറില്ല. അവളുടെ ചുണ്ടിലെ ചെറുപുഞ്ചിരി അതേപോലെ നിലനിറുത്തും. എല്ലാംകൊണ്ടും എന്റെ ഒമ്പതാമത്തെ ഭാര്യ പ്രസന്നവതിയും കടപ്പെട്ടവളുമാണ്. സ്നേഹാർദ്രതയോടെ അവളുടെ കൈകൾ പിടിച്ച് കിടക്കയിലേക്ക് ആനയിക്കുമ്പോൾ അവളുടെ നോട്ടം എന്നിൽ നിന്നും അകന്നിരിക്കുമെങ്കിലും, ഞാനെന്തിനു കുറ്റപ്പെടുത്തണം? എന്റെ കാലിൽ കയറി ചവിട്ടിയാണെങ്കിലും, അവൾ ഒറ്റയ്ക്ക് കിടക്കയിലേക്ക് നടന്ന് മന്ദസ്മിതത്തോടെ കിടക്കുമ്പോൾ എനിക്ക് രണ്ടാംചിന്തയ്ക്കു ഹേതുവെന്ത്? ഒരിക്കൽ, അവളുടെ ഇടതൂർന്ന കൂന്തലിൽ ഞാൻ മുഖം ആഴ്ത്തവെ, അവളുടെ തൊണ്ടയിൽ നിന്നുമെന്ന് തോന്നുന്ന പോലെ ഒരു നേരിയ ശബ്ദം വന്നപ്പോൾ ഞാൻ നിറുത്തുകയാണുണ്ടായത്. എന്റെ ചെവി അവളുടെ കഴുത്തിൽ ചായ്ച്ചപ്പോൾ ഒരു മങ്ങിയ മൂളൽ ഞാൻ കേട്ടു. എന്റെഭാഗത്തുനിന്നും ഒരു ചെറിയ ക്രമീകരണം വേണ്ടി വന്നെങ്കിലും, തുടർച്ചാഭഞ്ജനം ഉണ്ടായെങ്കിലും, ഇരുളിലെ ആനന്ദത്തിൽ എന്നെ പൂർണ്ണമായും സമർപ്പിക്കാൻ എനിക്കു കഴിഞ്ഞു.

*(Copyright © 2013 by Steven Millhauser*
*Reprinted by permission of ICM Partners)*
****************************************************************************************************